# സമരം കൊണ്ട് എന്തുനേടി എന്ന് ചോദിച്ചാൽ...

**ഇ.എം.എസ്സിന്റെ** നേതൃത്വത്തിൽ കേരളത്തിൽ ആദ്യമായി ഒരു മന്ത്രിസഭ അധികാരത്തിൽ വന്നതിന്റെ അറുപതാം വാർഷിക ദിനമായിരുന്നു 2017 ഏപ്രിൽ അഞ്ച്. ഐക്യകേരളത്തിൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിൽത്തന്നെ അധികാരത്തിലെത്താൻ കഴിയും വിധമുള്ള ജനപിന്തുണ കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് ആർജ്ജിച്ചിരുന്നു. അതിൽ പ്രധാന പങ്കുവഹിച്ചത് അവർ നടത്തിയ അനേകം സമരങ്ങളായിരുന്നു. കുടിയാന്മാരായ കർഷകരും കർഷകത്തൊഴിലാളികളും, ജന്മിമാർക്കും അവരെ സംരക്ഷിക്കുന്ന ഭരണനേതൃത്വങ്ങൾക്കും എതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ സമരങ്ങളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഈ മണ്ണിൽ വേരുറപ്പിക്കുന്നത്. ആ സമരവഴികളിലൂടെ സഞ്ചരിച്ച് പാർട്ടി അധികാരത്തിലേക്ക് നടന്നുകയറിയതിന്റെ അറുപതാം വാർഷിക ദിനത്തിൽ, മകൻ നഷ്ടപ്പെട്ട ഒരമ്മയുടെ സമരത്തെ തെരുവിൽ വലിച്ചിഴയ്ക്കുകയായിരുന്നു ആദ്യമന്ത്രിസഭയുടെ പിന്തുടർച്ചക്കാരായ ഇടതുസർക്കാർ.

അധികാര ധാർഷ്ട്യത്തിന്റെ വികൃതമുഖം ദൃശ്യമായ ഈ പോലീസ് നടപടി നേരിടേണ്ടിവന്നത് സ്വാശ്രയ വിദ്യാഭ്യാസ കച്ചവടത്തിന്റെ ഇരയായിത്തീർന്ന ഒരു കുടുംബത്തിനാണ്. സ്വാശ്രയ കോളേജ് മാനേജ്മെന്റിന്റെ പീഡനംമൂലം മരിച്ച ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ പട്ടാപ്പകൽ പോലീസ് തെരുവിൽ തള്ളിവീഴ്ത്തുമ്പോൾ വിദ്യാഭ്യാസ കച്ചവടത്തിനെതിരായ സമരങ്ങൾക്ക് ഇതേ കാക്കിപ്പടയുടെ അടിയേറ്റുവാങ്ങിയവരുടെ പാർട്ടിതന്നെയാണ് അധികാരത്തിലിരിക്കുന്നത് എന്നതാണ് വിരോധാഭാസം. അതിലേറെ ദുഃഖകരം 'സമരം കൊണ്ട് മഹിജ എന്തുനേടി?' എന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ ചോദ്യമായിരുന്നു. ആദ്യമന്ത്രിസഭയുടെ അറുപതാം വാർഷിക ആഘോഷങ്ങളിൽ വ്യാപൃതനായിരിക്കുന്ന മുഖ്യമന്ത്രി, അനീതികൾക്കെതിരായ അനേകം സമരങ്ങളാണ് ആ മന്ത്രിസഭയെത്തന്നെ യാഥാർത്ഥ്യമാക്കിയത് എന്ന സത്യം മറന്നുപോയിരിക്കുന്നു.

എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അത് സമരങ്ങളിലൂടെ മാത്രം സംഭവ്യമായ ചരിത്രമുള്ള ഒരു മണ്ണിൽ നിന്നുകൊണ്ടാണ് ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി മുഖ്യമന്ത്രി ഈ ചോദ്യം ചോദിക്കുന്നത്. എന്ത് നേട്ടമുണ്ടായി എന്ന ചോദ്യത്തിൽ ഒരു ലാഭക്കണ്ണുണ്ട്. നേട്ടത്തെക്കുറിച്ചുള്ള മുതലാളിത്തത്തിന്റെ ന്യായവാദം ആ ചോദ്യത്തിൽ അടിഞ്ഞുകൂടിയിരിക്കുന്നു. നവഉദാരവത്കരണ നയങ്ങളുടെ അടിസ്ഥാനം തന്നെ ഈ ലാഭചിന്തയാണ്. അത് പിണറായി വിജയനേയും അദ്ദേഹത്തിന്റെ സർക്കാരിനേയും പാർട്ടിയേയും പിടികൂടിയിരിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവായി ഈ ചോദ്യത്തെ കാണേണ്ടതുണ്ട്. സമരമെന്നത് അത്തരം ഭൗതികമായ നേട്ടകോട്ട വിശകലനങ്ങളാൽ വിലയിരുത്താൻ കഴിയാത്ത, അനേകം ദൗത്യങ്ങൾ നിർവഹിക്കുന്ന ഒരു പ്രക്രിയയാണെന്ന് സമരപാരമ്പര്യമുള്ള മുഖ്യന് തന്നെ മനസ്സിലാകാതെയായിരിക്കുന്നു. മുഖ്യധാരയ്ക്ക് പുറത്ത് നടക്കുന്ന എല്ലാ സമരങ്ങളോടും സി.പി.എം വച്ചുപുലർത്തുന്ന മനോഭാവത്തിന്റെ തുടർച്ച ഈ ചോദ്യത്തിലും കാണാൻ കഴിയും.

തങ്ങൾക്കുണ്ടായ അനീതി പരിഹരിക്കുന്നതിൽ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഒപ്പം നിൽക്കില്ലെന്ന് മനസ്സിലാക്കിയ ജനങ്ങൾ അവരുടേതായ മുൻകൈകളിൽ ഒരുപാട് സമരങ്ങൾ കേരളത്തിലെമ്പാടും നടത്തുന്നുണ്ട്. ജനങ്ങൾ അവരുടെ രാഷ്ട്രീയ കർതൃത്വം പ്രകാശിപ്പിക്കുന്ന ഈ സമരങ്ങളെയെല്ലാം അവജ്ഞയോടെയാണ് സി.പി.എം ഇപ്പോഴും നോക്കിക്കാണുന്നത്. 'നുഴഞ്ഞുകയറ്റക്കാർ', 'ഹൈജാക്ക് ചെയ്യലുകാർ', 'ഗൂഢതാത്പര്യക്കാർ', 'അരാജകവാദികൾ', 'തീവ്രവാദികൾ', 'മാവോയിസ്റ്റുകൾ' തുടങ്ങിയ ചില വിലാസങ്ങൾ ഈ സമരങ്ങൾക്ക് ചാർത്തിക്കൊടുക്കാറുമുണ്ട്. മഹിജയുടെ സമരത്തിലും അത് നമ്മൾ കണ്ടു. മഹിജയുടെ സമരത്തെ പിന്തുണയ്ക്കാനെത്തിയ പൊതുപ്രവർത്തകരെ ഗൂഢാലോചനാ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യുകയും ബന്ധുക്കളല്ലാത്തവർ സമരത്തിനെത്തരുത് എന്ന ഒരു തെറ്റായ സന്ദേശം സമൂഹത്തിന് നൽകുകയുമാണ് സർക്കാർ ചെയ്തത്.

ഏതൊരു വ്യക്തിയും നേരിടുന്ന അവകാശലംഘനങ്ങൾ ഒരു പൊതുപ്രശ്നം തന്നെയാണ്. കാരണം, സാമൂഹികമായ ഒട്ടേറെ സംഗതികൾ അയാളനുഭവിക്കുന്ന അനീതിക്ക് കാരണഹേതുവായിട്ടുണ്ടാകും. അതുകൊണ്ടുതന്നെ അത് പരിഹരിക്കുന്നതിൽ സമൂഹത്തിനും ഒരു പങ്കുനൽകാനുണ്ട്. ലോകത്ത് നടന്നിട്ടുള്ള എല്ലാ സമരങ്ങളുടെയും ചരിത്രം അതുതന്നെയാണ് ഓർമ്മിപ്പിക്കുന്നതും. സമൂഹം എന്നത് രക്തബന്ധുക്കളുടെ ഒരു കുടുംബമല്ല, മനുഷ്യവൈവിദ്ധ്യങ്ങളുടെ ഒരു സമഷ്ടിയാണ്. ആ ബോധ്യത്തിൽ നിന്നുകൊണ്ടാണ് ജിഷ്ണു പ്രണോയിയുടെ കുടുംബത്തിനുണ്ടായ വിഷമം പോലും ഒരു സാമൂഹിക പ്രശ്നമായി ഏറ്റെടുത്തുകൊണ്ട് കുറേ പൊതുപ്രവർത്തകർ മഹിജയുടെ സമരത്തിന് ഐക്യദാർഢ്യവുമായി എത്തിയത്. അവരെ നുഴഞ്ഞുകയറ്റക്കാരും ഗൂഢാലോചനക്കാരുമായി ചിത്രീകരിച്ച്, അന്യായമായി തടങ്കലിൽ വച്ച് എന്ത് സന്ദേശമാണ് ഇടതുസർക്കാർ ഈ സമൂഹത്തിന് നൽകുന്നത്? പാർട്ടിക്ക് ഇപ്പോഴും സി.പി.എമ്മിന്റെ മുൻകൈയിൽ നടക്കുന്ന സമരങ്ങൾ മാത്രമാണ് സമരം. അല്ലാത്തതെല്ലാം സ്ഥാപിത താത്പര്യക്കാരുടെ ഗൂഢസംഘങ്ങളായി അവർ തള്ളിക്കളയുന്നു. 'സമരം കൊണ്ട് എന്ത് നേടി' എന്ന് ചോദിക്കുന്നു. അതുമല്ലെങ്കിൽ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നു. യാതന അനുഭവിക്കുന്നവരോട് സഹാനുഭൂതി കാണിക്കുക എന്നത് ഇടതുപക്ഷം ആന്തരികവത്കരിക്കേണ്ട ഒരു അടിസ്ഥാന രാഷ്ട്രീയശീലമാണ് എന്ന് അവർ തിരിച്ചറിയുന്നതേയില്ല.

'ആ പാർട്ടി കുടുംബം എന്തുകൊണ്ട് പാർട്ടിയോട് ആലോചിച്ച് സമരം ചെയ്തില്ല' എന്നതാണ് സി.പി.എം ഉന്നയിക്കുന്ന മറ്റൊരു സംശയം. എന്തുകൊണ്ടാണ് ഇതുപോലെ ഒരുപാട് പാർട്ടി കുടുംബങ്ങൾ പാർട്ടിയോട് ആലോചിക്കാതെ സ്വയം സമരരംഗത്തേക്ക് എത്തുന്നു എന്ന ചോദ്യം തങ്ങളോടുതന്നെ ചോദിക്കേണ്ട സമയം അതിക്രമിച്ചു സഖാവേ...സമരം കൊണ്ട് എന്ത് നേടി എന്ന ചോദ്യം പിണറായിയോട് തിരിച്ച് ജനങ്ങൾ ചോദിച്ചാൽ എന്താകും സ്ഥിതി? സി.പി.എമ്മിന്റെ സമീപകാല ചരിത്രത്തിൽ നിന്നും ഏത് ഉദാഹരണം എടുത്തിട്ട് അദ്ദേഹം അതിന് മറുപടി നൽകും? ബുദ്ധിമുട്ടാണ് സഖാവേ...

ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും ഭൂജന്മിമാരുടെയും അന്യായമായ പാട്ടപ്പിരിവിനെതിരെ ചമ്പാരനിലെ നീലം കർഷകർ നടത്തിയ ഐതിഹാസിക സമരത്തിന്റെ നൂറാം വാർഷികമാണ് ഇക്കഴിഞ്ഞ മാസം കടന്നുപോയന്നത്. 1917 ഏപ്രിലിലാണ് നിരോധനാജ്ഞ ലംഘിച്ച് ഗാന്ധി ചമ്പാരനിലെ കർഷകരെ സംഘടിപ്പിച്ച് സമരം ചെയ്യുന്നത്. നൂറ് വർഷം കഴിഞ്ഞ് നോക്കുമ്പോൾ ചമ്പാരൻ സമരത്തിന്റെ നേട്ടം എന്താണ്? ഇന്ത്യയിലെ കർഷകരുടെ സ്ഥിതിക്ക് മാറ്റമുണ്ടായോ? നമ്മുടെ കേരളത്തിൽ ഇക്കഴിഞ്ഞ ദശകത്തിൽ തന്നെ നടന്ന പ്രമുഖമായ പ്ലാച്ചിമട സമരം ഈ ഏപ്രിൽ 22ന് 15 വർഷം പൂർത്തിയായിരിക്കുന്നു. പതിനഞ്ച് വർഷം കൊണ്ട് പ്ലാച്ചിമട സമരം എന്താണ് നേടിയത്? കൊക്കക്കോള ശിക്ഷിക്കപ്പെടുകയും ഇരകൾക്ക് നീതി ലഭിക്കുകയും ചെയ്തോ? നേട്ടത്തെക്കുറിച്ചുള്ള ചോദ്യത്തിലൂടെ ഒരു സമരത്തെ വിലയിരുത്താൻ കഴിയില്ല എന്നതാണ് 1917ലെ ചമ്പാരൻ സമരം മുതൽ 2002ൽ തുടങ്ങിയ പ്ലാച്ചിമട സമരം വരെയുള്ള അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ■